ടൂറിസം പ്രോജക്ട്

342(2811) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12-ലെ ബഡ്ജറ്റിൽ ടൂറിസം കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കക്കല്ല്, അയ്യമ്പാറ, മാർമല അരുവി, വാഗമൺ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ ടൂറിസം പ്രോജക്ട് നടപ്പിലാക്കാൻ ഒരു കോടി രൂപ വകകൊള്ളിച്ചിട്ടുണ്ടായിരുന്നോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ നിന്ന് ഏതൊക്കെ പ്രവൃത്തികൾക്കായി സർക്കാർ എത്ര തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) 2011-12-ലെ ബഡ്ജറ്റിൽ ടൂറിസം കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കക്കല്ല്, അയ്യമ്പാറ, മാർമല അരുവി, വാഗമൺ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ ടൂറിസം പ്രോജക്ട് നടപ്പിലാക്കുവാൻ ഒരു കോടി രൂപയുടെ ബഡ്ജറ്റ് പ്രഖ്യാപനമുണ്ടായെങ്കിലും 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 2011-12 കാലയളവിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കപ്പെട്ടിരുന്നില്ല. എന്നാൽ 2014-15-ൽ മേൽപ്പറഞ്ഞ സ്ഥലങ്ങളെ ഉൾപ്പെടുത്തി 'ഗ്രീൻ ടൂറിസം സർക്യൂട്ട്' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ വിനോദസഞ്ചാര സാധ്യതകൾ

343(2812) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരമേഖലയിൽ ടിവാഗോ എന്ന സ്ഥാപനം നടത്തിയ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly